പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6495 — 09. 07. 2014 ൽ മറുപടിക്ക്

## പ്രവർത്തനരഹിതമായ വൈദ്യുതി മീറ്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ബോർഡിന്റെ എത്ര ഗാർഹിക/എച്ച്. ടി . (വ്യാവസാ യികം) ഉപഭോക്താക്കളുടെ മീറ്ററുകളാണ് പ്രവർത്തനരഹി- തമായിട്ടുള്ളത്;തരംതിരിച്ച് വ്യക്തമാക്കുമോ ; | (എ) | 3,73,107 ഗാർഹിക ഉപഭോക്താക്കളുടെ മീറ്ററുകളും 6 എച്ച്.റ്റി വ്യാവസായിക ഉപഭോക്താക്കളുടെ മീറ്ററുകളും പ്രവർത്തനരഹിതമായിട്ടുണ്ട് |
| (ബി) | കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതുവഴി 2013 - 14 സാമ്പത്തിക വർഷം വൈദ്യുതി ബോർഡിന് എന്തു തുക നഷ്ടമുണ്ടായിട്ടുണ്ട് ; | (ബി) | മീറ്റർ കേടാകുന്നതിനു മുമ്പുള്ള ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുത ചാർജ്ജ് ഈടാക്കുന്നതിനാൽ കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തത് വഴി നഷ്ടമുണ്ടായ തായി കണക്കാക്കിയിട്ടില്ല |
| (സി ) | കേടായ മുഴുവൻ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡിന് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്ത മാക്കുമോ; | (സി ) | നിലവിലുള്ള മുഴുവൻ കേടായ വൈദ്യുതി മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ഏകദേശം 45 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു |
| (ഡി ) | നിലവിൽ വൈദ്യുതി ബോർഡിന് മീറ്ററുകൾ നിർമ്മി ച്ചു നൽകുന്നത് ഏതൊക്കെ സ്ഥാപനങ്ങളാണ്; ഇതിൽ പൊതുമേഖല/സ്വകാര്യമേഖല എന്നിങ്ങനെ തരം തിരി ച്ചും ഈ സ്ഥാപനങ്ങൾക്ക് 2011 - 12 , 2012 - 13 , 2013 -14 എന്നീ വർഷങ്ങളിൽ ബോർഡ് നൽകിയ തുക എത്രയെന്നും കുടിശ്ശിക ഇനത്തിൽ ഇനി എന്തു തുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ; | (ഡി ) | നിലവിൽ വൈദ്യുതി ബോർഡിന് മീറ്ററുകൾ നിർമ്മിച്ച് നൽകുന്നത് താഴെ പറയുന്ന സ്ഥാപനങ്ങളാണ്.<br>1. **സിംഗിൾ ഫേസ് മീറ്ററുകൾ**<br>2013-14 സാമ്പത്തിക വർഷത്തിൽ ലാർസൻ & ട്യൂബ്രോ ചെന്നൈ എന്ന സ്ഥാപനത്തിൽ നിന്നും ബോർഡ് 15 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകൾ വാങ്ങിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിലേയ്ക്കാവശ്യമായ മീറ്ററുകൾ വാങ്ങുന്നതിനായി ടെൻഡർ തുറന്ന് സാംപിൾ ടെസ്റ്റിംഗ് ഉൾപ്പെടെയുള്ള |

നടപടികൾ പുരോഗമിച്ചു വരുന്നു.

2. **ത്രീഫേസ് മീറ്ററുകൾ**

• കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ബോർഡ് ത്രീ ഫേസ് മീറ്ററുകൾ വാങ്ങിയിട്ടുണ്ട്.

(a) എംകോ ലിമിറ്റഡ് താനെ

(b) ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്. ചെന്നൈ.

(c) ലാൻഡിസ് + ജിർലിമിറ്റഡ്. ബംഗ്ലൂർ.

(d) സെക്യൂർ മീറ്റേർസ് ലിമിറ്റഡ്. ബംഗ്ലൂർ

നടപ്പു സാമ്പത്തിക വർഷം ത്രീഫേസ് മീറ്ററുകൾ വാങ്ങുന്നതിനായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

(a) ജീനസ് പവർ ഇൻഫ്രാസ്ട്രക്ച്ചേർസ് ലിമിറ്റഡ്. ജയ്പൂർ.

(b) ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്. ചെന്നൈ.

3. **എൽ.റ്റി.സി.റ്റി ഓപ്പറേറ്റഡ് മീറ്ററുകൾ**

നടപ്പു സാമ്പത്തിക വർഷം പ്രസ്തുത മീറ്ററുകൾ വാങ്ങുന്നതിനായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

(a) ജീനസ് പവർ ഇൻഫ്രാസ്ട്രക്ച്ചേർസ് ലിമിറ്റഡ്, ജയ്പൂർ.

(b) ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ.

4. **എ.ബി.റ്റി.മീറ്ററുകൾ**

നടപ്പു സാമ്പത്തിക വർഷം പ്രസ്തുത മീറ്ററുകൾ വാങ്ങുന്നതിനായി സെക്യൂർ മീറ്റേർസ് ലിമിറ്റഡ്. ബംഗ്ലൂർന് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

പൊതു മേഖല/സ്വകാര്യ മേഖല സ്ഥാപനങ്ങൾക്ക് 2011-12.2012-13 .2013-14 എന്നീ വർഷങ്ങളിൽ ബോർഡ്. നൽകിയ തുകയും കുടിശ്ശികയും അനുബന്ധമായി ചേർക്കുന്നു

| | |
|---|---|
| (ഇ) നിലവിൽ മീറ്റർ വാടക വർദ്ധിപ്പിക്കാൻ ബോർഡ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ & (എഫ്) പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റാതെ, ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ വാടക വർദ്ധിപ്പിക്കാനുള്ള കെ.എസ്.ഇ.ബി. തീരുമാനത്തിനെതിരെ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഇ) & (എഫ്) സംസ്ഥാനത്തെ 2002 ന് ശേഷം മീറ്ററിന്റെ വാടക വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ടി കാലയളവിൽ സിംഗിൾ ഫേസ് മീറ്ററുകളുടെയും, ത്രീ ഫേസ് മീറ്ററുകളുടെയും വിലയിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2001-02 കാലയളവിൽ സിംഗിൾ ഫേസ് മീറ്ററിന്റെ വില 250 മുതൽ 300 രൂപ വരെ ഉണ്ടായിരുന്നത് ഇപ്പോൾ 700 മുതൽ 800 രൂപയായിട്ടാണ് വർദ്ധിച്ചിട്ടുള്ളത്. കൂടാതെ ത്രീ ഫേസ് മീറ്ററുകളുടെ വില 2001-02 കാലയളവിൽ കേവലം 750 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ 2100 മുതൽ 2200 രൂപയിലേക്ക് വർദ്ധിച്ചിട്ടുണ്ട്. ടി വർദ്ധനവ് കണക്കിലെടുത്ത് പുതുതായി കണക്ഷനെടുക്കുന്ന ഉപഭോക്താക്കൾക്ക് സിംഗിൾ ഫേസ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 10 രൂപയിൽ നിന്നും 20 രൂപയായി വർദ്ധിപ്പിക്കാനും, ത്രീ ഫേസ് മീറ്ററുകൾക്ക് മീറ്റർ വാടക 20 രൂപയിൽ നിന്നും 50 രൂപയായി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപഭോക്താക്കൾക്ക് തുടർന്നും പഴയ നിരക്കിൽ തന്നെ മീറ്റർ വാടക തുടരാനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് പുതിയതായി മീറ്റർ മാറ്റി സ്ഥാപിക്കേണ്ടി വരുന്നപക്ഷം പുതിയ മീറ്ററുകൾക്ക് പുതിയ നിരക്കിൽ മീറ്റർ വാടക നൽകണമെന്ന് വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങി വയ്ക്കുകയാണെങ്കിൽ ടി ഉപഭോക്താക്കളെ മീറ്റർ വാങ്ങി വയ്ക്കുന്ന തീയതി മുതൽ മീറ്റർ വാടകയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ് മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് തെരഞ്ഞെടുത്ത ഓഫീസുകളിൽ നിന്നും വില്പ്പന ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

ന.ചോ.നം. 6495

അനുബന്ധം

| സ്വകാര്യമേഖല | മീറ്റർ വാങ്ങിയ വകയിൽ ബോർഡ് നൽകിയ തുക | | | 31.03.2014 പ്രകാരം നൽകാനുള്ള ബാക്കി തുക (രൂപ) |
|---|---|---|---|---|
| | 2011-12 (രൂപ) | 2012-13 (രൂപ) | 2013-14 (രൂപ) | |
| 1. ലാർസൻ & ടൂബ്രോ ലിമിറ്റഡ് | 39,13,59,807 | 56,72,64,956 | 86,91,04,192 | 11,22,45,564 |
| 2. സെക്യുർ മീറ്റേർസ് ലിമിറ്റഡ് | 7,86,37,981 | 4,98,150 | 4,00,91,251 | 53,50,465 |
| 3. എംകോ ലിമിറ്റഡ് | 3,20,45,141 | - | 3,70,36,154 | 78,06,456 |
| 4. ഐ.സി.എസ്.എ. | 6,89,76,853 | - | 1,94,80,107 | - |
| 5. ജീനസ് പവർ ഇൻഫ്രാസ്ട്രക്ച്ചേർഡ് ലിമിറ്റഡ് | 41,02,985 | - | 1,21,685 | - |
| 6. ലാൻഡിസ് + ജിർ ലിമിറ്റഡ് | - | - | 2,15,87,991 | 53,84,685 |
| Total | 57,51,22,767 | 56,77,63,106 | 98,74,21,380 | 13,07,87,170 |
| **പൊതുമേഖല** | | | | |
| യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം | 9,14,09,107 | 74,92,688 | - | - |
| Grand Total (₹) | 66,65,31,874 | 57,52,55,794 | 98,74,21,380 | 13,07,87,170 |

സെക്ഷൻ ഓഫീസർ